സി.ജി.(1) 58813/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 10.01.2012
Email : keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in

# സർക്കുലർ നമ്പർ 1/2012

വിഷയം- സഹകരണവകുപ്പ്-കേരള സഹകരണ ക്ഷേമ വികസന പദ്ധതി, റിസ്ക് ഫണ്ട് പദ്ധതി എന്നിവയിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അംഗങ്ങളാക്കുന്നത് സംബന്ധിച്ച്

സൂചന- (1) സർക്കാരിന്റെ 3/7/2000 ലെ ജി.ഒ.(പി) 108/2000/സഹ നമ്പർ നോട്ടിഫിക്കേഷൻ
(2) സർക്കാറിന്റെ 11.2.2009 ലെ ജി.ഒ.(പി) 33/2009/സഹ നമ്പർ നോട്ടിഫിക്കേഷൻ.
(3) സഹകരണസംഘം രജിസ്ട്രാറുടെ 30.3.09 ലെ 12/2009 നമ്പർ സർക്കുലർ
(4) സഹകരണ സംഘം രജിസ്ട്രാറുടെ 25.6.2010 ലെ 33/2010 നമ്പർ സർക്കുലർ

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ ക്ഷേമത്തിനും വികസനത്തിനും നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുമായി കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 57 (എ) അനുസരിച്ച് സൂചന (1) ലെ നോട്ടിഫിക്കേഷൻ പ്രകാരം കേരള സഹകരണ ക്ഷേമ വികസന പദ്ധതി രൂപികരിച്ചിരുന്നു. സൂചന (1) ലെ നോട്ടിഫിക്കേഷൻ പ്രകാരം രൂപികരിച്ച പദ്ധതിയിൽ ഭേദഗതി വരുത്തി സൂചന (2) പ്രകാരം സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം രൂപീകരിച്ച പദ്ധതിയിൽ അംഗമാകേണ്ടത് സഹകരണ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങളുടെ ചീഫ് എക്സിക്യൂട്ടിവിന്റെയും ഉത്തരവാദിത്വമാണ്. ടി , സ്കീമിലെ ഖണ്ഡിക 3 ബി(1) പ്രകാരം സ്കീമിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ വിഹിതം അടയ്ക്കാതിരുന്നാൽ വീഴ്ച വരു

ത്തിയ തുകയ്ക്ക് തുക അടയ്ക്കുന്നതു വരെ 12 ശതമാനം പലിശ ചീഫ് എക്സിക്യൂട്ടിവിൽ നിന്നും ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ നല്ലൊരു ശതമാനം സഹകരണ സംഘങ്ങളും/ബാങ്കുകളും ടി പദ്ധതിയിൽ ചേർന്നിട്ടില്ലെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന എല്ലാ സഹകരണ സംഘങ്ങളും കേരള സഹകരണ ക്ഷേമ വികസന പദ്ധതിയിൽ അംഗമാകേണ്ടതാണെന്ന് നിഷ്കർഷിച്ച് സഹകരണ സംഘം രജിസ്ട്രാർ 30.3.2009 ൽ 12/2009 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നെങ്കിലും ,സംസ്ഥാനത്തെ നല്ലൊരു ഭാഗം സഹകരണ സംഘങ്ങളും ടി പദ്ധതിയിൽ അംഗമായിട്ടില്ല. മേൽ സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ മൂല്യ ശോഷണം സംഭവിച്ചാൽ സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി സർക്കാർ രൂപികരിച്ച ടി പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങളെ അംഗങ്ങളാക്കണമെന്നത് ഉറപ്പാക്കുന്നതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശം നൽകുന്നു.

1) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും കേരള സഹകരണ ക്ഷേമ വികസന പദ്ധതിയിൽ സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിനകം ടി പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിരക്കിൽ തുക അടയ്ക്കേണ്ടതും അംഗമാകാത്ത സഹകരണ സ്ഥാപനങ്ങൾ ഈ സർക്കുലർ തീയതി മുതൽ 3 മാസത്തിനകം അംഗമാകേണ്ടതുമാണ്.

2) മേൽ സമയപരിധിക്കകം പദ്ധതിയിൽ ഏതെങ്കിലും സഹകരണ സ്ഥാപനം അംഗമാകുന്നതിന് വീഴ്ച വന്നിട്ടുണ്ടെങ്കിൽ ആയത് ടി സഹകരണ സ്ഥാപനം ആഡിറ്റ് ചെയ്യുമ്പോൾ ന്യൂനത സംഗ്രഹത്തിൽ ഉൾപ്പെടുത്തേണ്ടതും. "Due to" എന്ന ഹെഡിൽ

"Interest to be collected from chief executive (Name) on account of non-remittance of welfare fund as per paragraph 3 B(1) of Kerala Co-operative welfare and Development (Amendment) scheme 2009 എന്ന് രേഖപ്പെടുത്തേണ്ടതാണ്.

3) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ടുകൾ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, ബന്ധപ്പെട്ട ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട താലൂക്ക് ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ അംഗികരിച്ചു നൽകുന്നതിന് മുമ്പ് മേൽ ഖണ്ഡിക 2,3, എന്നിവയിൽ പരാമർശിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4) റിസ്ക് ഫണ്ടിൽ അംഗമാകാത്ത കാരണത്താലും, വായ്പക്കാരിൽ നിന്നും തുക ഈടാക്കി അടയ്ക്കാതിരിക്കുകയും ചെയ്ത കാരണത്താലും മരണപ്പെട്ട വായ്പക്കാർക്ക് നഷ്ടപരിഹാരം ലഭിക്കാത്ത പക്ഷം ആയതിന് സംഘം ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്നും, ഗവൺമെന്റ് നൽകുന്ന ആനുകൂല്യം നഷ്ടപ്പെടുത്തിയതിന് നടപടിക്ക് വിധേയനാകേണ്ടിവരുമെന്നും വായ്പാക്കണക്കിലേക്ക് അടയ്ക്കേണ്ട തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടി വരുമെന്നും ഓർമ്മിപ്പിക്കുന്നു.

5) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മ്മാരും, എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മ്മാരും തങ്ങളുടെ അധികാര പരിധിയിലും നിയന്ത്രണത്തിലും ഉള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും ടി പദ്ധതികളിൽ അംഗമായിട്ടുണ്ടെന്നും നിഷ്കർഷിച്ചിട്ടുള്ള വിഹിതം അടച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതും സഹകരണ സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ആയത് പ്രത്യേകം

പരിശോധിക്കേണ്ടതുമാണ്. ഇക്കാര്യം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുന്ന വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

ഒപ്പ്

ഡോ.എസ്.രവീന്ദ്രൻ.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റിവ് ആഡിറ്റ്
മെഡിക്കൽ കോളേജ് പി.ഒ. തിരുവനന്തപുരം
2) ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ്
റ്റി.സി.24/455, സംഗീത് നഗർ, തിരുവനന്തപുരം-14
3) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മ്മാർക്കും
4) എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5) ജോയിന്റ് ഡയറക്ടർ കൺകറന്റ് ആഡിറ്റർ സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മ്മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ, (ആഡിറ്റ്) മാർക്കും
(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
8) മാനേജിംഗ് ഡയറക്ടർ കേരള സംസ്ഥാന സഹകരണ ബാങ്ക്
തിരുവനന്തപുരം.
9) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ
വികസന ബാങ്ക്, തിരുവനന്തപുരം
10) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ
കൊച്ചി-682020
11) മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ
കൊച്ചി-682020

12) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ
കൊച്ചി 682020

13) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ
കൊച്ചി-682017

14) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന ഫെഡറേഷൻ,
തിരുവനന്തപുരം 695005

15) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന ഹോസ്പിറ്റൽ ഫെഡറേഷൻ, എറണാകുളം

16) മാനേജിംഗ് ഡയറക്ടർ
കേരള വനിതാ സഹകരണ ഫെഡറേഷൻ, തിരുവനന്തപുരം

17) മാനേജിംഗ് ഡയറക്ടർ
കേരഫെഡ്, തിരുവനന്തപുരം

18) ജനറൽ മാനേജർ
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും

19) എല്ലാ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്കും(ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന.)

20) എഡിറ്റർ
സഹകരണവീഥി, സഹകരണ ജേർണൽ

21) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും

22) വെബ് സൈറ്റ് - **www.cooperation.kerala.gov.in**

23) സ്റ്റോക്ക് ഫയൽ

24) സെപയർ.

ആജ്ഞാനുസരണം

Shyamalakumar

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

എം.വി 11.1.2012